"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി പ്രകാരമുള്ള ഗ്രേ വാട്ടർ മാനേജ്മെന്റ് പ്രവൃത്തികൾ കേരള വാട്ടർ അതോറി(KWA),കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി(KRSWA) എന്നീ ഏജൻസികൾ മുഖാന്തിരം ഡെപ്പോസിറ്റ് പ്രവൃത്തികളായി ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ എം) വകുപ്പ്**

സ.ഉ.(സാധാ) നം.1835/2024/LSGD തീയതി,തിരുവനന്തപുരം, 01-10-2024

---

പരാമർശം:-

1. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28/10/2023 ലെ 1494/A/2022/SM നമ്പർ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റി യുടെ 13/08/2024 ലെ യോഗ തീരുമാനം ഖണ്ഡിക 4.24
3. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13/09/2024-ലെ 1494/A/2022/SM നമ്പർ കത്ത്

**ഉത്തരവ്**

ഗാർഹികമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന വാഷിംഗ് മെഷീനിൽ നിന്നും പുറന്തള്ളുന്ന ജലം ,ബാത്ത് ടബ്ബിൽ നിന്നും പുറന്തള്ളുന്ന ജലം മുതലായ പുനരുപയോഗം ചെയ്യാവുന്ന മലിന ജലം(ഗ്രേവാട്ടർ)കമ്മ്യൂണിറ്റിതലത്തിൽ സംസ്കരിക്കുന്നതിന് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി ഫേസ്-2 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിഹിതം നൽകിവരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ പഞ്ചായത്ത്തല ഗ്രേവാട്ടർ മാനേജ്മെൻ്റ് പദ്ധതികൾ താല്പര്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരള വാട്ടർ അതോറിറ്റി മുഖേനയും കോട്ടയം, ഇടുക്കി, വയനാട്, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പദ്ധതികൾ കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി മുഖേനയും ഏറ്റെടുത്ത് നടപ്പാക്കണമെന്ന് ശുചിത്വ മിഷന്റെ 19.08.2023-ന് നടന്ന 35-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി(KWA), കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി(KRSWA) എന്നിവയ്ക്ക് തുക ഡെപ്പോസിറ്റ് ചെയ്ത് നടപ്പിലാക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് , കേരള വാട്ടർ അതോറിറ്റി , കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി, ശുചിത്വ മിഷൻ എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ 18/10/2023-ൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 13/08/2024 ലെ യോഗത്തിൽ ഈ വിഷയം പരിശോധിക്കുകയും കേരള വാട്ടർ അതോറിറ്റിക്കൊപ്പം കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയിലും ഗ്രേവാട്ടർ മാനേജ്മെന്റ് പ്രവൃത്തികൾക്കുള്ള തുക ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി നടപ്പാക്കാൻ പരാമർശം 2 പ്രകാരം അനുമതി നൽകി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) ഫെയ്സ് -2 പദ്ധതി പ്രകാരമുള്ള ഗ്രേ വാട്ടർ മാനേജ്മെന്റ് പ്രവർത്തികൾ താല്പര്യമുള്ള തദ്ദേശ

സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവർത്തികളായി കേരള വാട്ടർ അതോറിറ്റി, കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിട്ടേഷൻ ഏജൻസി എന്നിവ മുഖാന്തിരം നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിനാവശ്യമായ ക്രമീകരണം ധനകാര്യ വകുപ്പ് ചെയ്യേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

പകർപ്പ് :

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

മാനേജിങ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ )

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Manish V V

Date: 03-10-2024 16:33:35

സെക്ഷൻ ഓഫീസർ